# SREE SANKARACHARYA UNIVERSITY OF SANSKRIT, KALADY

## Confirmed Minutes of the 09/25 (231st ) Meeting of the Syndicate held on 29.10.2025 at 11.00 a.m at University Head Quarters, Kalady

**Members Present:**

| | | | |
|---|---|---|---|
| 1. | പ്രൊഫ.(ഡോ.) കെ.കെ. ഗീതാകുമാരി<br>വൈസ് ചാൻസലർ, അദ്ധ്യക്ഷ | - | ഒപ്പ് |
| 2. | ശ്രീ അജയൻ സി, അഡീഷണൽ സെക്രട്ടറി,<br>ഉന്നത വിദ്യാഭ്യാസ വകുപ്പ്, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 3. | പ്രൊഫ.(ഡോ.) മാത്യൂസ് ടി തെള്ളി, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 4. | ഡോ. മിനി ടി, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 5. | ഡോ. ഓമന പി വി, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 6. | ഡോ. വി. ലിസ്സി മാത്യൂ, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 7. | അഡ്വ. കെ.എസ്. അരുൺകുമാർ, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 8. | ഡോ. സിന്ധു അന്തർജനം, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 9. | പ്രൊഫ. കെ ഉണ്ണികൃഷ്ണൻ , സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 10. | ഡോ. എസ് ശ്രീകല ദേവി, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 11. | ശ്രീ. മിഥുൻ എം, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 12. | ഡോ. എം. സത്യൻ, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 13. | ഡോ. വിനീത് ആർ എസ്, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 14. | ശ്രീ ആർ അജയൻ, സിൻഡിക്കേറ്റംഗം | - | ഒപ്പ് |

കൂടാതെ ഡോ. മോത്തി ജോർജ്ജ് (രജിസ്ട്രാർ) പങ്കെടുത്തു.

# MAIN AGENDA

**Item No 1**

Report of the Vice Chancellor

യോഗത്തിലേക്ക് എല്ലാ അംഗങ്ങളേയും സ്വാഗതം ചെയ്യുന്നു.

സർവകലാശാല മുൻ ഡെപ്യൂട്ടി രജിസ്ട്രാർ അഡ്വ. ഇ.ഒ. മനോഹരന്റെ നിര്യാണത്തിലും, മറ്റ് രാഷ്ട്രീയ, സാമൂഹിക, കലാ, സാംസ്കാരിക രംഗത്ത് കർമ്മനിരതരായിരുന്നവരുടെ നിര്യാണത്തിലും ഈ യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

24.09.2025 തീയതിയിലെ 230-ാം സിൻഡിക്കേറ്റ് യോഗത്തിനുശേഷം സർവകലാശാലയിലുണ്ടായിട്ടുള്ള പ്രധാനപ്പെട്ട സംഭവങ്ങൾ അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1. സർവകലാശാലയിലെ സെന്റർ ഫോർ ബുദ്ധിസ്റ്റ് സ്റ്റഡീസും, എസ്.എൻ.ഡി.പി പബ്ളിക് ലൈബ്രറി കാലടിയും സംയുക്തമായി 2025 ഒക്ടോബർ 01 ന് " No to Violence, War and Genocide : A Plea for Peace, Compassion and Justice" എന്ന വിഷയത്തിൽ ഓൺലൈനായി ഇന്റർനാഷണൽ സെമിനാർ സംഘടിപ്പിച്ചു. ഡോ. പി.കെ പോക്കർ (പ്രൊഫസർ, കാലിക്കറ്റ് സർവകലാശാല) മുഖ്യ പ്രഭാഷണം നടത്തി.
2. സംസ്കൃത ഭാഷയുടെ പരിപോഷണത്തിനും പ്രചാരണത്തിനുമായി കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം സർവകലാശാലയ്ക്ക് ഏഴ് ഗവേഷണ പദ്ധതികൾ അനുവദിച്ചു. സർവകലാശാലയിലെ അഞ്ച് സംസ്കൃതം അധ്യാപകർക്ക് അഞ്ച് വിവിധ ഗവേഷണ പദ്ധതികളിലായി 31 ലക്ഷം രൂപയുടെ സഹായമാണ് അനുവദിച്ചിരിക്കുന്നത്. ന്യൂഡൽഹിയിലെ സെൻട്രൽ സാൻസ്ക്രിറ്റ് യൂണിവേഴ്സിറ്റി മുഖേന കേന്ദ്ര വിദ്യഭ്യാസ മന്ത്രാലയം 2025-2026 വർഷത്തെ അഷ്ടാദശി പദ്ധതിക്ക് കീഴിലാണ് സർവകലാശാലയ്ക്ക് അഞ്ച് ഗവേഷണ പദ്ധതികൾ അനുവദിച്ചിരിക്കുന്നത്. പ്രഗത്ഭരായ സംസ്കൃത പണ്ഡിതരുടെ സേവനം സർവകലാശാലകൽക്ക് പ്രയോജനപ്രദമാക്കുന്നതിനുള്ള ശാസ്ത്രചൂഢാമണി പദ്ധതിയിൽ സർവകലാശാലയിൽ നിന്നും വിരമിച്ച രണ്ട് സംസ്കൃതം പ്രൊഫസർമാർ സമർപ്പിച്ച പദ്ധതികൾക്കും അംഗീകാരം ലഭിച്ചിട്ടുണ്ട്. കാലടി മുഖ്യ കേന്ദ്രത്തിലെ ഡോ. കെ.എം. സംഗമേശൻ (സംസ്കൃതം സാഹിത്യം), ഡോ. ലിഷ സി.ആർ (സംസ്കൃതം ജനറൽ), ഡോ. ശിവജ എസ്. നായർ (സംസ്കൃതം ജനറൽ), ഡോ. ആതിര ജാതവേദൻ (സംസ്കൃതം ജനറൽ), തിരൂർ പ്രാദേശിക കേന്ദ്രത്തിലെ ഡോ. അബ്ദുൾ റഷീദ് (സംസ്കൃതം വ്യാകരണം) എന്നീ അധ്യാപകർക്കാണ് അഷ്ടാദശി പദ്ധതി പ്രകാരം വിവിധ ഗവേഷണ പദ്ധതികൾക്ക് ധനസഹായം ലഭിച്ചത്. സർവകലാശാലയിൽ നിന്നും വിരമിച്ച സംസ്കൃത പണ്ഡിതനായ പ്രൊഫ. വി. രാമകൃഷ്ണ ഭട്ട് (സംസ്കൃതം ന്യായം), പ്രൊഫ. വി. ആർ മുരളീധരൻ (സംസ്കൃതം സാഹിത്യം) എന്നിവർ സമർപ്പിച്ച പദ്ധതികൾ ശാസ്ത്രചൂഢാമണി പദ്ധതിയിലൂടേയും കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം അനുമതി നൽകിയിട്ടുണ്ട്. സർവകലാശാലയ്ക്ക് അഭിമാനകരമായ നേട്ടം സമ്മാനിച്ച മേൽപ്പറഞ്ഞ എല്ലാവരേയും അഭിനന്ദിക്കുന്നു.

3. സർവകലാശാല പൂർവ്വ വിദ്യാർത്ഥി സംഗമം "സ്മൃതി മധുരം" 2025 ഒക്ടോബർ 25 ന് സർവകലാശാല മുഖ്യ കേന്ദ്രത്തിൽ വച്ച് സംഘടിപ്പിച്ചു. വൈസ് ചാൻസലർ ഉദ്ഘാടനം നിർവഹിച്ച ചടങ്ങിൽ സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ. കെ.എസ്. അരുൺകുമാർ, ഡോ. എം. സത്യൻ, ഡോ. വി. ലിസി മാത്യു, രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ, ഡി.എസ്.എസ് എന്നിവർ പങ്കെടുത്തു. ചലചിത്ര താരവും പൂർവ്വ വിദ്യാർത്ഥിയുമായ ശ്രീ. സിനോജ് വർഗ്ഗീസ്, ചലചിത്ര താരവും വിദ്യാർത്ഥിയുമായ ശ്രീ. ജിനോ ജോൺ എന്നവർ മുഖ്യാതിഥികളായി. വിവിധ മേഖലകളിൽ നേട്ടങ്ങൾ കൈവരിച്ച പൂർവ്വ വിദ്യാർത്ഥികളെ അനുമോദിച്ചു.
4. സർവകലാശാലയുടെ വിവിധ പഠനവകുപ്പുകളിൽ ഫുൾടൈം പി.എച്ച്.ഡി പ്രോഗ്രാമുകളിലേക്ക് 2025 ഒക്ടോബർ 25 വരെ ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിന് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുള്ള വിവരം റിപ്പോർട്ട് ചെയ്യുന്നു.
5. 2025 ഒക്ടോബർ 31 ന് ഗുജറാത്തിലെ കെവഡിയയിൽ വച്ച് സർദാർ വല്ലഭായി പട്ടേൽ ജന്മദിനത്തോടനുബന്ധിച്ച് സംഘടിപ്പിക്കുന്ന "നാഷണൽ ഏകതാ ദിവസ്" കല നൃത്ത പരിപാടികളിൽ പങ്കെടുക്കുവാൻ സർവകലാശാലയിലെ ഡാൻസ് വിഭാഗത്തിലേ 20 വിദ്യാർത്ഥികൾക്ക് അവസരം ലഭിച്ചിട്ടുള്ള വിവരം റിപ്പോർട്ട് ചെയ്യുന്നു.
6. സർവകലാശാലയിലെ സംരംഭകത്വ സ്ഥാപനമായ രൂപകൽപ്പന ടെക്നോളജി ബിസിനസ് ഇൻക്യുബേഷൻ സെന്റർ അധ്യാപകർക്കായി 2025 ഒക്ടോബർ 16 ന് സംഘടിപ്പിച്ച ശിൽപശാല വൈസ് ചാൻസലർ ഉദ്ഘാടനം ചെയ്തു. സിൻഡിക്കേറ്റ് അംഗങ്ങളായ ശ്രീ. ആർ. അജയൻ, ഡോ. എം. സത്യൻ, കേരള സ്റ്റാർട്ട് അപ് മിഷൻ മാനേജർ ശ്രീ. എം. കൃഷ്ണകുമാർ, ഡോ. വി.കെ. ഭവാനി എന്നിവർ പങ്കെടുത്തു.
7. സംസ്കൃതം വേദാന്തം വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ കാലടി മുഖ്യ കേന്ദ്രത്തിൽ അന്താരാഷ്ട്ര പ്രഭാഷണ പരമ്പര 2025 ഒക്ടോബർ 27 ന് ആരംഭിച്ചു. വിശിഷ്ടാദ്വൈത വേദാന്തമാണ് പ്രഭാഷണ പരമ്പരയുടെ വിഷയം. ജർമ്മനിയിലെ ഹാംബർഗ് സർവകലാശാലയിലെ റിസർച്ച് ഫെലോ ഡോ. സുഗന്യ അനന്തകിച്ചനിൻ പ്രഭാഷണ പരമ്പര നയിക്കും.
8. സർവകലാശാലയുടെ തിരൂർ പ്രാദേശിക കേന്ദ്രത്തിലെ നാഷണൽ സർവ്വീസ് സ്കീമിന്റെ നേതൃത്വത്തിൽ സഹപാഠിക്കായി നിർമ്മിച്ച സ്നേഹവീടിന്റെ താക്കോൽ കൈമാറ്റം 2025 നവംബർ 9 ന് വൈസ് ചാൻസലർ നിർവഹിക്കും.
9. സർവകലാശാല സേവനത്തിൽ നിന്നും 2025 ഒക്ടോബർ 31 ന് വിരമിക്കുന്ന ഓഫീസ് അറ്റൻഡന്റ് ജീവനക്കാരായ ശ്രീ. റജിയാൻ ജെ, ശ്രീമതി. റജി അഗസ്റ്റിൻ എന്നിവർക്ക് 2025 ഒക്ടോബർ 28 ന് സർവകലാശാല സമുചിതമായ യാത്രയയപ്പ് നൽകി.
10. സംസ്ഥാന ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ 2025 ഒക്ടോബർ 18 ന് കോട്ടയത്ത് വച്ച് നടന്ന ഉന്നത വിദ്യാഭ്യാസ സെമിനാറിൽ (വിഷൻ 2031) സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. വി ലിസി മാത്യു, ഡോ. മാത്യൂസ് ടി തെള്ളി, രജിസ്ട്രാർ, അധ്യാപകർ, അനധ്യാപകർ എന്നിവർ പങ്കെടുത്തു.

എല്ലാവരുടേയും സഹകരണവും ക്രിയാത്മകമായ നിർദ്ദേശങ്ങളും പ്രതീക്ഷിച്ചുകൊണ്ട് അജൻഡകളിൽമേലുള്ള ചർച്ചകൾക്കായി ഏവരേയും ക്ഷണിച്ചുകൊള്ളുന്നു.

**Item No:2**

സംസ്ഥാന വ്യവഹാര നയത്തിനും സർവകലാശാല നിയമങ്ങൾക്കും അനുസൃതമായി തയ്യാറാക്കിയിട്ടുള്ള University Litigation Policy – യുടെ കരട് മാർഗരേഖ അംഗീകരിക്കുന്നത് സംബന്ധിച്ച്. (No. 03430/LEGI/SSUS/2024 (1))

17.09.2025 ലെ സ്റ്റാഫ് & ലീഗൽ കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച്, സംസ്ഥാന വ്യവഹാര നയത്തിനും സർവകലാശാല നിയമങ്ങൾക്കും അനുസൃതമായി തയ്യാറാക്കിയിട്ടുള്ള University Litigation Policy യുടെ മാർഗ്ഗരേഖ അംഗീകരിച്ച് തുടർ നടപടി കൈക്കൊള്ളാൻ തീരുമാനിച്ചു.

**Item No:3**

സർവകലാശാല സേവനങ്ങളുടെ സമയപരിധിയിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച്. (No. 03201/ ADC3/SSUS/2024 (1))

17.09.2025 ലെ സ്റ്റാഫ് & ലീഗൽ കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച്, സർവകലാശാല വിവിധ സേവനങ്ങൾക്ക് നൽകിവരുന്ന സമയപരിധി പുനഃനിശ്ചയിക്കുന്നത് അംഗീകരിച്ചു.

**Item No:4**

സർവകലാശാലയിലെ ട്യൂട്ടർ തസ്തിക, ലക്ചറർ നോൺ യു.ജി.സി എന്ന് പുനർനാമകരണം ചെയ്ത നടപടി സാധൂകരിക്കുന്നത് സംബന്ധിച്ച്. (No. 01082/ ADA1/SSUS/2024)

17.09.2025 ലെ സ്റ്റാഫ് & ലീഗൽ കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച്, സർവകലാശാലയിലെ ട്യൂട്ടർ തസ്തിക, ലക്ചറർ നോൺ യു.ജി.സി എന്ന് പുനർനാമകരണം ചെയ്ത നടപടി സാധൂകരണത്തിനായി വിശദാംശങ്ങളോടെ സർക്കാരിലേക്ക് വീണ്ടും കത്തെഴുതുന്നതിന് തീരുമാനിച്ചു.

**Item No:5**

സ്ഥാനക്കയറ്റവുമായി ബന്ധപ്പെട്ട നിരീക്ഷണകാലം-സംബന്ധിച്ച് (No.01033/ADB2/ SSUS/ 2025)

17.09.2025 ലെ സ്റ്റാഫ് & ലീഗൽ കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച്, സ്റ്റാറ്റ്യൂട്ട് ഭേദഗതി നിർദ്ദേശത്തിൽ ഈ വിഷയം കൂടി ഉൾപ്പെടുത്തുന്നതിനും, അതിനായി രൂപീകരിക്കുന്ന ഉപസമിതിക്കു മുമ്പിൽ ഈ വിഷയം സമർപ്പിക്കുന്നതിനും തീരുമാനിച്ചു.

**Item No:6**

ക്ലറിക്കൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ നിന്നും വിരമിച്ച ശ്രീ. സ്വാമിദാസൻ ടി യുടെ 12.04.2010 മുതൽ 16.12.2010 വരെയുള്ള സസ്പെൻഷൻ കാലയളവ് ക്രമീകരിക്കുന്നതുമായി ബന്ധപ്പെട്ട് ടിയാൻ സർവകലാശാലയിൽ സമർപ്പിച്ചിരിക്കുന്ന വിവിധ തീയതികളിലെ അപേക്ഷകൾ സംബന്ധിച്ച്. (നമ്പർ. എഡി. ബി/4512/എസ് എസ് യു എസ്/10)

ഏറ്റുമാനൂർ പ്രാദേശിക കേന്ദ്രത്തിൽ ഓഫീസ് അറ്റൻഡന്റായി സേവനം ചെയ്തിരുന്ന ശ്രീ സ്വാമിദാസൻ ടി യുടെ സസ്പെൻഷൻ കാലയളവ് ശമ്പളമില്ലാത്ത അവധിയായി ക്രമീകരിക്കാനും പ്രസ്തുത കേസ് ക്ലോസ് ചെയ്യാനും തീരുമാനിച്ചു. കമ്മിറ്റികൾ ഉത്തരവാദിത്വങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചു.

**Item No:7**

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല സ്റ്റാറ്റ്യൂട്ട്സിലെ ചാപ്റ്റർ IV, പാർട്ട് II ലെ സ്റ്റാറ്റ്യൂട്ട് 16 ൽ ആവശ്യമായ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച് (No. 03082/ LEG1/ SSUS/ 2023 (1))

സ്റ്റാഫ് & ലീഗൽ കമ്മറ്റിയെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

**Item No:8**

മലയാളം വകുപ്പിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ നിന്ന് 31.05.2024-ൽ വിരമിച്ച ഡോ. ടോണി കെ റാഫേലിനെ 01.03.2011 മുതൽ സ്ഥിരപ്പെടുത്തി സർവ്വീസ് സാമ്പത്തിക ആനുകൂല്യങ്ങൾ നൽകാനുള്ള സർക്കാർ നിർദ്ദേശം സംബന്ധിച്ച് (No. 01834/ ADA1/ SSUS/ 2024)

17.09.2025 ലെ സ്റ്റാഫ് & ലീഗൽ കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച്, സുപ്രീകോടതിയിലെ കേസുകൾ ഉൾപ്പെടെയുള്ള വിശദാംശങ്ങളോടെ സർക്കാർ കത്തിന് ഒരു മറുപടി കൂടി നൽകുന്നതിനും, സർക്കാർ തീരുമാനം പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെടുന്നതിനും തീരുമാനിച്ചു.

**Item No:9**

കാലടി മുഖ്യകേന്ദ്രം ഹിന്ദി വകുപ്പ് അസിസ്റ്റന്റ് പ്രൊഫസർ ഡോ. അച്യുത് നന്ദ മിശ്ര-യുടെ ഇന്ദ്രപ്രസ്ഥ കോളേജ് ഫോർ വുമൺ, ന്യൂഡൽഹിയിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ Service Break ഒഴിച്ചുള്ള അഡ്ഹോക് സേവന കാലയളവ് 2018 യു ജി സി റെഗുലേഷൻ പ്രകാരം CAS പ്ലെയ്സ്മെന്റ് അനുവദിക്കുന്നത് സംബന്ധിച്ച് (നം.എഡി.എ 3/4234/ എസ് എസ് യു എസ്/2023

കാലടി മുഖ്യകേന്ദ്രം ഹിന്ദി വകുപ്പ് അസിസ്റ്റന്റ് പ്രൊഫസർ ഡോ. അച്യുത് നന്ദ മിശ്ര-യുടെ ഇന്ദ്രപ്രസ്ഥ കോളേജ് ഫോർ വുമൺ, ന്യൂഡൽഹിയിലെ അഡ്ഹോക് സേവന കാലയളവ് CAS പ്ലെയ്സ്മെന്റിന് പരിഗണിക്കേണ്ടതില്ലായെന്ന് തീരുമാനിച്ചു.

**Item No:10**

2025-26 സാമ്പത്തിക വർഷത്തെ നോൺ പ്ലാൻ ഗ്രാന്റ് ലഭ്യതക്കുറവ് -സംബന്ധിച്ച് (No. 01419/ ACCTS1/SSUS/2025 (6))

22.09.2025 ലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച്, സർക്കാരിലേയ്ക്കു സർവകലാശാലയിലെ നിലവിലെ ധനസ്ഥിതിയെപ്പറ്റി അറിയിക്കുവാനും, സ്പെഷ്യൽ

ഫണ്ടിന് വേണ്ടി കത്ത് നൽകാനും സ്റ്റാറ്റ്യൂട്ടറി ഓഫീസർമാരും, സിൻഡിക്കേറ്റ് അംഗങ്ങളും ഉൾപ്പെടെയുള്ളവർ സെക്രട്ടറിയേറ്റ് തലത്തിൽ ചെന്ന് ചർച്ചചെയ്യുന്നതിനും തീരുമാനിച്ചു. കൂടാതെ ആഭ്യന്തര വരുമാനം കൂട്ടാനും ചെലവ് ചുരുക്കുവാനുമുള്ള നടപടികൾ കൈക്കൊള്ളുവാനും, പെൻഷൻ സംഘടനകളുമായി ചർച്ച നടത്താനും തീരുമാനിച്ചു.

**Item No:11**

സർവകലാശാലയുടെ 2025-26 ബജറ്റ് ശീർഷകങ്ങളിലെ പുനർവിനിയോഗം-സാധൂകരണം സംബന്ധിച്ച് (No. 02106/ACCTS2/SSUS/2025 (1))

സർവകലാശാലയുടെ 2025-26 ബജറ്റ് ശീർഷകങ്ങളിലെ പുനർവിനിയോഗം സാധൂകരിക്കാൻ തീരുമാനിച്ചു.

**Item No:12**

ഫാക്കൽറ്റി ഗസ്റ്റ് ഹൗസിലെ കെട്ടിടത്തിന്റെ മുഴുവൻ ഭാഗവും പെയിന്റിംഗ് ചെയ്യുന്നതിനുള്ള വർക്കിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് -സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച് (No. 03825/ENGG1/SSUS/2025 (1)

16.10.2025 ലെ വർക്ക്സ് & പർച്ചേസ് കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച്, ഫാക്കൽറ്റി ഗസ്റ്റ് ഹൗസിലെ കെട്ടിടത്തിന്റെ മുഴുവൻ ഭാഗവും പെയിന്റിംഗ് ചെയ്യുന്നതിനുള്ള പ്രവൃത്തിക്കായി സമർപ്പിച്ച GST ഉൾപ്പെടെയുള്ള 8,10,000/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കാനും, സാങ്കേതികാനുമതി നൽകുന്നതിന് സർവകലാശാല എഞ്ചിനീയറെ ചുമതലപ്പെടുത്താനും തീരുമാനിച്ചു കൂടാതെ പ്രസ്തുത പ്രവൃത്തി അവിടുത്തെ അറ്റകുറ്റ പണികൾക്ക് ശേഷം നടത്തുവാനും തീരുമാനിച്ചു.

**Item No:13**

കായിക പഠന വകുപ്പിൽ നാല് വർഷ ബിരുദ പ്രോഗ്രാം ആരംഭിക്കുന്നത് -ഭരണാനുമതി അനുവദിക്കുന്നത് -സംബന്ധിച്ച് (No. 02080/ACDB1/SSUS/2025 (1))

17.10.2025 ലെ പ്ലാനിംഗ് & ഡവലപ്മെന്റ് കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച്, കാലടി മുഖ്യ ക്യാമ്പസിലെ കായിക വകുപ്പിന് കീഴിൽ നാല്യ വർഷ ബിരുദ പ്രോഗ്രാമായ BPES 2026-27 അക്കാദമിക വർഷം മുതൽ സെൽഫ് സസ്റ്റെയിനബിൾ മോഡിൽ സർവകലാശാലയ്ക്ക് അധിക ബാധ്യത വരാത്ത വിധം ആരംഭിക്കാൻ തീരുമാനിച്ചു.

**Item No:14**

P M -USHA പദ്ധതിയുടെ Standards/Norms/Criteria പാലിക്കപ്പെടാത്ത മേഖലകൾ കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് (No. 00120/PLD1/SSUS/2025 (1))

17.10.2025 ലെ പ്ലാനിംഗ് & ഡവലപ്മെന്റ് കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, P M USHA പദ്ധതിയുടെ ഗൈഡ്ലൈൻസ് പ്രകാരം സർവകലാശാലയ്ക്ക് സാമ്പത്തിക സഹായം ലഭിക്കേണ്ടതായിരുന്നു എന്നതിനാൽ വീണ്ടും അപേക്ഷ സമർപ്പിക്കാൻ തീരുമാനിച്ചു. കൂടാതെ സർവകലാശാലയുടെ വികസന പദ്ധതികളെക്കുറിച്ച് വിശദമായി ചർച്ച ചെയ്യുന്നതിന് സ്പെഷ്യൽ സിൻഡിക്കേറ്റ് വിളിക്കാനും തീരുമാനിച്ചു.

**Item No:15**

എം എ ഹിന്ദി, PGDT കോഴ്സുകളിലേക്കുള്ള ഫീസ് സംബന്ധിച്ച് (No. 02914/ ACDC2/ SSUS/ 2025 (1))

എം എ ഹിന്ദി, PGDT കോഴ്സുകളിലേക്കുള്ള ഫീസ് സാധൂകരിക്കാൻ തീരുമാനിച്ചു.

**Item No:16**

2020 അഡ്മിഷൻ ബി എ മ്യൂസിക് വിദ്യാർത്ഥി അർജ്ജുൻകുമാർ എം എ (20KA01MU22) -ക്ക് റീ അഡ്മിഷൻ അനുവദിക്കുന്നത് സംബന്ധിച്ച്. (No. 03074/ ACDB3/ SSUS/2024 (1))

സ്റ്റാഫ് & ലീഗൽ കമ്മറ്റിയുടെ പരിഗണനയ്ക്ക് വിടാൻ തീരുമാനിച്ചു.

**Item No:17**

സർവകലാശാലയിൽ 2021-23 വർഷത്തിൽ എം എ ഹിസ്റ്ററി പൂർത്തീകരിച്ച വിഷ്ണു ശേഖർ ആർ-ന് ടിയാൾ 2017-2020 കാലയളവിൽ അണ്ണാമലൈ സർവകലാശാലയിൽ ഡിസ്റ്റൻസ് എഡ്യൂക്കേഷൻ മുഖേന ബി എ -സോഷ്യോളജി കോഴ്സ് പൂർത്തീകരിച്ചതിന് എലിജിബിലിറ്റി സർട്ടിഫിക്കറ്റ് അനുവദിക്കണമെന്ന അപേക്ഷ സംബന്ധിച്ച്. (No. 03283/ACDA3/SSUS/2025 (1))

എലിജിബിലിറ്റി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനുള്ള അപേക്ഷ ബോർഡ് ഓഫ് സ്റ്റഡീസിന്റെ പരിഗണനക്ക് വിടാനും, ഫാക്കൽറ്റി വഴി അക്കാദമിക് കൗൺസിലിന് സമർപ്പിക്കാനും തീരുമാനിച്ചു.

**Item No:18**

01.08.2025 പ്രാബല്യത്തിൽ ക്ഷാമ ബത്തയും 01.09.2025 പ്രാബല്യത്തിൽ ക്ഷാമാശ്വാസവും വർദ്ധിപ്പിച്ച സർക്കാർ ഉത്തരവുകൾ സർവകലാശാലയിൽ നടപ്പിലാക്കിയതിൽ സാധൂകരണം-സംബന്ധിച്ച്. (No. 03683/BILLA2/SSUS/2024 (1))

01.08.2025 പ്രാബല്യത്തിൽ ക്ഷാമ ബത്തയും 01.09.2025 പ്രാബല്യത്തിൽ ക്ഷാമാശ്വാസവും വർദ്ധിപ്പിച്ച സർക്കാർ ഉത്തരവുകൾ സർവകലാശാലയിൽ നടപ്പിലാക്കിയത് സാധൂകരിക്കാൻ തീരുമാനിച്ചു.

**Item No:19**

സിൻഡിക്കേറ്റ് തീരുമാനത്തിൽ ജേണലിന്റെ പേര് 'പരിസ്പന്ദ' എന്നത് 'പരസ്പന്ദ' എന്ന് തെറ്റായി രേഖപ്പെടുത്തിയത് -സംബന്ധിച്ച് (No. 00728/SOPUB/SSUS/2022 (1))

ISSS ന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്ന വാർഷിക റിസർച്ച് ജേർണലിന്റെ പേര് പരിസ്പന്ദ എന്ന് തിരുത്തിയത് അംഗീകരിച്ചു.

**Item No:20**

തുല്യത സാക്ഷ്യപത്രം നൽകുന്നത് -മാനദണ്ഡങ്ങൾ രൂപീകരിക്കുന്നത് സംബന്ധിച്ച്. (No. 02861/ ACDA1/SSUS/2025 (1))

അക്കാദമിക് & റിസർച്ച് കമ്മറ്റിക്ക് വിടാൻ തീരുമാനിച്ചു.

**Item No:21**

ശ്രീ ജെയിംസ് എസ് ജെ, മൂല്യനിർണ്ണയ ക്യാമ്പ് നടത്തുന്നതിനായി കൈപ്പറ്റിയ മുൻകൂർ ക്രമപ്പെടുത്തുന്നത് സംബന്ധിച്ച് (No. 02449/EXAMD2/SSUS/2024 (1))

സ്റ്റാഫ് & ലീഗൽ കമ്മറ്റിക്ക് വിടാൻ തീരുമാനിച്ചു.

**Item No:22**

'Basic Course on Vasthuvidhya' എന്ന ഓൺലൈൻ കോഴ്സിന്റെ സിലബസ് പരിശോധിച്ച് തയ്യാറാക്കിയ റിപ്പോർട്ട് പരിഗണനയ്ക്കും ടി കോഴ്സ് ആരംഭിക്കുന്നതിനുള്ള ഭരണാനുമതിക്കുമായി സമർപ്പിക്കുന്നത്-സംബന്ധിച്ച് (No. 03674/SCOL1/SSUS/2024 (1))

'Basic Course on Vasthuvidhya' എന്ന ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ് ആരംഭിക്കുന്നതിന് ഭരണാനുമതി നൽകാൻ തീരുമാനിച്ചു.

**Item No:23**

സർവകലാശാലയിലെ എല്ലാ റെഗുലർ ജീവനക്കാർക്കും പാർട്ട് ടൈം സ്വീപ്പർമാർക്കും ഓണം അഡ്വാൻസായി യഥാക്രമം 20,000 രൂപ, 6,000 രൂപ എന്ന ക്രമത്തിൽ അനുവദിച്ചത്

സിൻഡിക്കേറ്റിന്റെ സാധൂകരണത്തിനായി സമർപ്പിക്കുന്നത് -സംബന്ധിച്ച് (No. 03449/ BILLB1/ SSUS/2025 (1))

സാധൂകരിച്ചു.

**Item No:24**

സർവകലാശാല ജീവനക്കാർക്ക് പ്രത്യേക ഉത്സവബത്തയും ബോണസും അനുവദിച്ചത്- സിൻഡിക്കേറ്റിന്റെ സാധൂകരണത്തിനായി സമർപ്പിക്കുന്നത് സംബന്ധിച്ച് (നം. Bill2/ 11748 (A)/ SSUS/2017-18)

സാധൂകരിച്ചു.

**Item No:25**

NAAC 3rd  Cycle Accreditation-ന്റെ ഭാഗമായി -സർവകലാശാലയുടെ ഡിപ്ലോമ ഉൾപ്പെടെയുള്ള പ്രോഗ്രാമുകളുടെ സിലബസ് പരിഷ്കരിക്കുന്ന വിഷയം റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് (No.  00284/ACDB1/SSUS/2025 (1))

റിപ്പോർട്ട് അംഗീകരിച്ചു.

**Item No:26**

03.06.2025 ലെ FYUGP കമ്മിറ്റി കൺവീനർമാരുടെ യോഗ തീരുമാനങ്ങൾ സിൻഡിക്കേറ്റ് സാധൂകരണത്തിന് സമർപ്പിക്കുന്നത് സംബന്ധിച്ച് (No.  00284/ ACDB1/ SSUS/2024 (1))

സാധൂകരിച്ചു.

**Item No:27**

സെന്റർ ഫോർ വേദിക് സ്റ്റഡീസിൽ ഗവേഷണ മാർഗദർശികളെ നിയമിക്കുന്നത് സംബന്ധിച്ച്. (No.  03589/ACDA2/SSUS/2025 (1))

റിട്ടയർമെന്റിന് ഒരു വർഷം മുമ്പ് വരെ ഗൈഡ്ഷിപ് അനുവദിക്കാനും, റെഗുലേഷനിൽ അപ്രകാരം മാറ്റം വരുത്താനും തീരുമാനിച്ചു.  സൂപ്പർവൈസിംഗ് ടീച്ചർ വിരമിക്കുന്ന സാഹചര്യത്തിൽ അവരുടെ കീഴിൽ ഗവേഷണം നടത്തുന്ന ഗവേഷകർക്ക് വിരമിക്കുന്നതിന് മുമ്പായി ഒരു കോഗൈഡിനെ ചുമതലപ്പെടുത്തേണ്ടതാണ്.

**Item No:28**

2019-2020 അധ്യയന വർഷത്തിൽ പി എച്ച് ഡി -യ്ക്ക് പ്രവേശനം ലഭിക്കാതിരുന്നതിനാൽ ശ്രീമതി. വർഷ എസ് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്ന കേസിലെ വിധി സംബന്ധിച്ച്. (No. 02838/ACDA3/SSUS/2025 (1))

2025-26 അധ്യയന വർഷത്തിൽ പി എച്ച് ഡി പ്രവേശനം എടുക്കാവുന്നതാണെന്ന് വിദ്യാർത്ഥിയെ അറിയിച്ചിരുന്നുവെങ്കിലും അഡ്മിഷൻ എടുക്കുന്നില്ലായെന്ന മറുപടി ലഭിച്ചതിനാൽ വിവരം കോടതിയെ അറിയിക്കാൻ തീരുമാനിച്ചു.

**Item No:29**

കേരള നിയമസഭയുടെ ലോക്കൽ ഫണ്ട് അക്കൗണ്ട് കമ്മിറ്റി (2019-21) യുടെ 37-ാംമത് റിപ്പോർട്ടിലെ സർവകലാശാലയുമായി ബന്ധപ്പെട്ട ഖണ്ഡികകളിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി സർക്കാരിലേക്ക് ലഭ്യമാക്കണമെന്നത് -സംബന്ധിച്ച് (No. 00384/ACDB3/SSUS/2024 (1))

സ്റ്റാഫ് & ലീഗൽ കമ്മറ്റിക്ക് വിടാൻ തീരുമാനിച്ചു.

**Item No:30**

ഹെഡ്ഷിപ് വിഷയത്തിൽ തീരുമാനം കൈക്കൊള്ളുന്നത് സംബന്ധിച്ച് (No. 01584/ ADA3/ SSUS/2024 (2))

സ്റ്റാഫ് & ലീഗൽ കമ്മറ്റിക്ക് വീടാൻ തീരുമാനിച്ചു.

# ADDITIONAL AGENDA

**Item No. 1**

Placement of Teachers to the post of Senior Professor, Professor, Associate Professor, Assistant Professor with higher AGP under Career Advancement Scheme in various Departments-reg (No. 02024/ADD1/SSUS/2025 (1))

Resolved to approve placement of teachers in Sanskrit Sahitya, Sanskrit General, Sanskrit Vyakarana, Sanskrit Nyaya & Sanskrit Vedanta to the post of Senior Professor, Professor, Associate Professor, Assistant Professor with higher AGP under Career Advancement Scheme.

**Item No. 2**

Placement of Teachers to the Post of Senior Professor, Professor, Assistant Professor with higher AGP under Career Advancement Scheme in the Department of Malayalam-reg (No. 02493/ADD1/SSUS/2025 (1))

Resolved to approve placement of teachers in the Department of Malayalam to the post of Senior Professor, Professor, Assistant Professor with higher AGP under Career Advancement Scheme

**Item No. 3**

Award of Ph.D Degree

a) Ms. Remya C in Philosophy [No. 01699/EXAMA1/SSUS/2025 (1)]

b) Mr. Abdurahman K K in Philosophy [No. 01920/EXAMA1/SSUS/2025 (1)]

c) Sri. Sreejith K K in Sanskrit Vedanta [No. EA/PhD/808/SSUS/2023]

d) Smt. Anju B in Hindi [No. EA/PhD/854/SSUS/2024]

e) Sri. Vijayakumar in Sanskrit General [No.01497/EXAMA1/SSUS/2025 (1)]

Considering the recommendations of the Board of Adjudicators, constituted to evaluate Ph.D thesis, the Standing Committee on Examination held on 24.10.2025 has recommended to award Ph.D to following Research Scholars on the date of Viva Voce held as noted against each.

| Sl.No. | Name | Faculty | Date of Viva Voce |
|---|---|---|---|
| a) | Ms. Remya C | Faculty of Arts & Social Science | 29.09.2025 |
| b) | Mr. Abdurahman K K | Faculty of Arts & Social Science | 26.09.2025 |
| c) | Sri. Sreejith K K | Faculty of Indian Metaphysics | 18.09.2025 |
| d) | Smt. Anju B | Faculty of Indian Languages | 10.10.2025 |

a) Ms. Remya C. Research Scholar in Philosophy under the Faculty of Arts & Social Science Ph.D. thesis titled, **“The Problem of meaning in Embodied Cognition and Computational**

**Theory of Cognition: Towards a Synthetic Model"** under the guidance of Dr. Sreekala M Nair, Professor, Department of Philosophy, SSUS, kalady

b) Mr. Abdurahman K K Research Scholar in Philosophy under the Faculty of Arts & Social Science Ph.D thesis titled **"Intergrating Consciousness and Quantum Mechanics- A Philosophical Critique of the Orch-OR Model",** under the guidence of Dr. Sirajul Muneer C, Assistant Professor, Department of Philosophy, SSUS, Kalady

c) Sri. Sreejith K K, Research scholar in Sanskrit Vedanta under the Faculty of Indian Metaphysics Ph.D. thesis titled, **" Dayakrishna's Interpretation of Classical Indian Philosophy",** under the guidance of Dr. K Muthulekshmi, Professor (Retd), Department of Sanskrit Vedanta, SSUS, Kalady

d) Smt. Anju B Research scholar in Hindi under the Faculty of Indian Languages Ph.D. thesis titled, **" Premchandyugeen Upanyasom mein Upanivedan, Navajagaran aur Swatantrata Andolan",** under the guidance of Dr. K V Suresh Department of Sanskrit Vedanta, SSUS, Kalady.

e) Also resolved to Award Ph.D to Sri. Vijayakumar Research scholar in Sanskrit General under the Faculty of Sanskrit Literature Ph.D. thesis titled, **" Individual and Society: Promulgations in śāṅkarasmṛti",** under the guidance of Dr. Nidheesh Kannan B, Assistant Profrssor Department of Sanskrit General , SSUS, Kalady. (Viva -Voce held on 25.09.2025)

**Item No. 4**

ബിരുദാനന്തരബിരുദ പ്രോഗ്രാമിന്റെയും, BFA ബിരുദ പ്രോഗ്രാമിന്റെയും ക്രഡിറ്റ് പോയിന്റ് കണക്കാക്കുന്ന രീതി ഏകീകരിക്കുന്നത് സംബന്ധിച്ച് (No. 03511/EXAMB3/SSUS/2025 (1))

24.10.2025 ലെ എക്സാം കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച്, ക്രഡിറ്റ് പോയിന്റ് ഏകീകരിക്കുന്ന വിഷയം പെയിന്റിംഗ് വിഭാഗം ബോർഡ് ഓഫ് സ്റ്റഡീസിന് സമർപ്പിച്ച് വ്യക്തത വരുത്താൻ തീരുമാനിച്ചു.

**Item No. 5**

CM Researcher Scholarship വ്യവസ്ഥ സർവകലാശാല ഫെല്ലോഷിപ്പ് വ്യവസ്ഥകളിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് (No. 02865/ACDA1/SSUS/2025 (1))

22.10.2025 ലെ അക്കാദമിക് & റിസർച്ച് കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച്,

1. CM Researcher Scholarship വ്യവസ്ഥ സർവകലാശാല ഫെല്ലോഷിപ്പ് വ്യവസ്ഥകളിൽ ഉൾപ്പെടുത്തുന്നത് വിശദമായ പഠനത്തിന് മാറ്റി വച്ചു.
2. പുതിയ നോട്ടിഫിക്കേഷൻ പ്രകാരം പി എച്ച് ഡി പ്രവേശനം നേടുന്ന ഗവേഷകർ സർവകലാശാല ഫെല്ലോഷിപ്പ് നോട്ടിഫിക്കേഷൻ അനുശാസിക്കുന്ന നിബന്ധനകൾ പാലിക്കണമെന്ന് അറിയിക്കേണ്ടതും അവ പാലിക്കുന്നുവെന്ന് ബന്ധപ്പെട്ട വകുപ്പുകൾ ഉറപ്പ് വരുത്തേണ്ടതുമാണ്. കൂടാതെ പുതുതായി പ്രവേശനം നേടിയ പി എച്ച് ഡി ഗവേഷകർക്ക് R&D Cell ന്റെ നേതൃത്വത്തിൽ എല്ലാ വർഷവും ജനുവരി മാസത്തിൽ One Day Orientation Programme നടത്തുവാനും തീരുമാനിച്ചു.

**Item No. 6**

NAAC NRF പ്രക്രിയകളിലെ Research and Professional Practice എന്ന മാനദണ്ഡപ്രകാരമുള്ള വിലയിരുത്തലിൽ സർവകലാശാലയുടെ സ്കോർ മെച്ചപ്പെടുത്തുന്നതിന് വിദ്യാർത്ഥികൾക്കായി റിസേർച്ച് അച്ചീവ്മെന്റ് ക്യാഷ് അവാർഡ് നൽകുന്നത്- സംബന്ധിച്ച്. (01847/IQAC2/SSUS/ 2024(1) )

22.10.2025 ലെ അക്കാദമിക് & റിസർച്ച് കമ്മിറ്റിയുടെയും, 28.10.2025 ലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് കമ്മിറ്റിയുടെയും ശിപാർശ പരിഗണിച്ച്, റിസർച്ച് അച്ചീവ്മെന്റ് ക്യാഷ് അവാർഡ് നൽകുന്നത് സർക്കാർ അംഗീകാരം ലഭിക്കുന്നതനുസരിച്ച് നല്കുവാനും, കൂടാതെ പ്രസ്തുത ക്യാഷ് അവാർഡ് Endowment വഴി നല്കുവാനുള്ള സാധ്യത പരിശോധിക്കുവാനും തീരുമാനിച്ചു. ശങ്കര ജയന്തി ആഘോഷങ്ങളോടൊപ്പം ടി പ്രസിദ്ധീകരണങ്ങളിലെ ലേഖനങ്ങൾക്ക് സർട്ടിഫിക്കറ്റ് അനുവദിക്കുവാനും തീരുമാനിച്ചു.

**Item No. 7**

Centre for Indian Knowledge System സ്ഥാപിക്കുന്നത് സംബന്ധിച്ച് (No. 00284/ ACDB1/ SSUS/ 2025 (1))

22.10.2025 ലെ അക്കാദമിക് & റിസർച്ച് കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച്, “Faculty of Other Sanskrit Studies” ന കീഴിൽ Centre for Indian Knowledge System തുടങ്ങാൻ തീരുമാനിച്ചു.

**Item No. 8**

ദേശീയ വിദ്യാഭ്യാസ നയം (NEP) 2020 നടപ്പിലാക്കുന്നതിന്റെ ഭാഗമായി UGC നിർദ്ദേശങ്ങൾക്കനുസൃതമായി സർവകലാശാലയിൽ NEP SAARTHI നടപ്പിലാക്കുന്നത് സംബന്ധിച്ച് (No. 03345/IQAC2/SSUS/2024 (1))

22.10.2025 ലെ അക്കാദമിക് & റിസർച്ച് കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച്, Guidlines for NEP SAARTHI പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി മോണിറ്ററിംഗ് കമ്മിറ്റിയെ ചുമതലപ്പെടുത്തുന്നതിനും, ഐ.ക്യു.എ.സി ഡയറക്ടറിൽ നിന്നും മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാക്കാനും തീരുമാനിച്ചു.

**Item No. 9**

a. 2025-2026 വർഷത്തെ സെമിനാർ, ശിൽപശാല എന്നിവ നടത്തുന്നത് സംബന്ധിച്ച് (Second Set of Seminar/Workshop Proposals). (No. 02799/ACDC1/SSUS/2025 (1))

b. 2025-2026 വർഷത്തെ സെമിനാർ, ശിൽപശാല എന്നിവ നടത്തുന്നത് സംബന്ധിച്ച് (Third Set of Seminar/Workshop Proposals). (No. 02799/ACDC1/SSUS/2025 (2)

22.10.2025 ലെ അക്കാദമിക് & റിസർച്ച് കമ്മിറ്റിയുടെയും, 28.10.2025 ലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് കമ്മിറ്റിയുടെയും ശിപാർശ പരിഗണിച്ച്, 2025-2026 വർഷത്തെ സെമിനാർ ശില്പശാല പ്രൊപ്പോസലുകൾ പരിശോധിക്കുന്ന കമ്മിറ്റിയുടെ ശിപാർശകൾ വിശദമായി പരിശോധിക്കുകയും, സർവകലാശാലയുടെ സെമിനാർ ശില്പശാല മാർഗ്ഗനിർദ്ദേശ പ്രകാരം പ്രസ്തുത പരിപാടികൾ സംഘടിപ്പിക്കുവാനും, സർവകലാശാലയിൽ പ്രസിദ്ധീകരണ വിഭാഗമുള്ളതിനാൽ പ്രസിദ്ധീകരണങ്ങൾ ടി വിഭാഗം വഴി നടത്തുവാനും തീരുമാനിച്ചു. കൂടാതെ മേൽ വസ്തുതകളെല്ലാം പരിഗണിച്ച് അനുബന്ധമായി ഉൾപ്പെടുത്തിയ പട്ടിക പ്രകാരം ആകെ 9,07,500/- (ഒൻപതു ലക്ഷത്തി ഏഴായിരത്തി അഞ്ഞൂറ്) രൂപ അംഗീകരിച്ച് സെമിനാർ ശില്പശാല സംഘടിപ്പിക്കുവാൻ വേണ്ടി വിവിധ വകുപ്പുകൾ സമർപ്പിച്ച പ്രൊപ്പോസലുകൾക്ക് തുക അനുവദിക്കുവാനും തീരുമാനിച്ചു. കൂടാതെ സെമിനാറുകളുടെ വേദികൾക്ക് വേണ്ട സൗകര്യങ്ങൾ ഒരുക്കാൻ തീരുമാനിച്ചു.

**Item No. 10**

പ്രബന്ധ സമർപ്പണത്തിനുള്ള കാലാവധി ദീർഘിപ്പിക്കുന്നതിന് സംബന്ധിച്ച് (No. 03444/ ACDA2/ SSUS/2025 (1))

22.10.2025 ലെ അക്കാദമിക് & റിസർച്ച് കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച്, RAC യുടെ ശിപാർശയും HOD യുടെ റിപ്പോർട്ടും ലഭ്യമാക്കാൻ തീരുമാനിച്ചു.

**Item No. 11**

Vigilance case against Dr. C Venugopalan Nair Head, Department of Dance – Prosecution sanction – Order dated 10.09.2025 of Hon'ble High Court of Kerala-reg (No. 03667/LEG1/SSUS/2025 (3)

Considering the Recommendation of the Staff & legal Committee held on 24.10.2025, and after perusing the report No. VC 02/15-Eranakulam dated 30.03.2016 received from the Deputy Police Superintendent Anti Corruption Bureau, Eranakulam and the documents attached, it is resolved to recommend to issue enquiry sanction observing this as a serious matter and also resolved to conduct an internal enquiry by the University regarding the matter.

**Item No. 12**

ക്ലീനിംഗ് സ്റ്റാഫിന്റെ പ്രവർത്തനങ്ങൾ ദിവസംതോറും പരിശോധിക്കാൻ സ്റ്റാഫിന് ചുമതലകൾ നിശ്ചയിക്കുന്നത് സംബന്ധിച്ച്.

24.10.2025 ലെ സ്റ്റാഫ് & ലീഗൽ കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച്, ഡി.എസ്.എസ് ന് ക്ലീനിംഗ് പ്രവർത്തനങ്ങളുടെ മേൽനോട്ട ചുമതല നൽകാനും മോണിറ്ററിംഗിനായി അധ്യാപകർ അനധ്യാപകർ, ഒരു സിൻഡിക്കേറ്റ് അംഗം എന്നിവർ ഉൾപ്പെട്ട ഒരു സമിതി രൂപീകരിക്കാൻ വൈസ് ചാൻസലറെ ചുമതലപ്പെടുത്താനും തീരുമാനിച്ചു.

**Item No. 13**

നോളജ് മിഷനുമായി ബന്ധപ്പെട്ടുകൊണ്ട് തൊഴിൽ വൈദഗ്ധ്യത്തിന് കുട്ടികളെ പ്രാപ്തമാക്കുന്നത് സംബന്ധിച്ച് പ്രോഗ്രാമിന് മേൽനോട്ടം വഹിക്കാൻ അധ്യാപകരുടെ ചുമതല നിശ്ചയിക്കുന്നത് സംബന്ധിച്ച്.

24.10.2025 ലെ സ്റ്റാഫ് & ലീഗൽ കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച്, നോളജ് മിഷൻ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി ഒരു കോർഡിനേഷൻ കമ്മിറ്റി രൂപീകരിക്കുന്നതിന് വൈസ് ചാൻസലറെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

**Item No. 14**

പുതുതായി രൂപീകരിക്കാൻ തീരുമാനിച്ചിരിക്കുന്ന പി എച്ച് ഡി ഡയറക്ടറേറ്റിന്റെ പ്രവർത്തനം സുഗമമാക്കാൻ അധ്യാപകരുടെ ചുമതല നിശ്ചയിക്കുന്നതു സംബന്ധിച്ച്.

24.10.2025 ലെ സ്റ്റാഫ് & ലീഗൽ കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച്, പുതുതായി രൂപീകരിക്കാൻ തീരുമാനിച്ചിരിക്കുന്ന പി എച്ച് ഡി ഡയറക്ടറേറ്റിന്റെ പ്രവർത്തനം സുഗമമാക്കാൻ അധ്യാപകരുടെ ചുമതല നിശ്ചയിക്കുന്നതിന് വൈസ് ചാൻസലറെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

**Item No. 15**

ഉറുദു അധ്യാപകനായ ഡോ. കെ സി അതാവുള്ള ഖാന് പ്രൊഫസർ തസ്തികയിലേക്കുള്ള പുനഃനിയമനം -സംബന്ധിച്ച് (No. എഡി എ 3/17291/എസ് എസ് യു എസ്/2022)

സ്റ്റാൻഡിംഗ് കൗൺസിലിന്റെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ ഡോ. കെ സി അത്താവുള്ള ഖാന് പ്രൊഫസർ തസ്തികയിൽ പുനഃനിയമനം നൽകാൻ തീരുമാനിച്ചു.

**Item No. 16**

17.09.2025 -ലെ ലൈബ്രറി ഉപദേശ കമ്മിറ്റിയുടെ യോഗത്തിന്റെ തീരുമാനങ്ങൾ സംബന്ധിച്ച് (No. 03516/LIB1/SSUS/2024 (1))

22.10.2025 ലെ ലൈബ്രറി കമ്മിറ്റിയിലെ ശിപാർശ പരിഗണിച്ച്, താഴെപ്പറയുന്നവ അംഗീകരിക്കാൻ തീരുമാനിച്ചു.

1. പ്ലാൻ ഫണ്ടിൽ നിന്ന് 2025-26 സാമ്പത്തിക വർഷം അനുവദിച്ച 40 ലക്ഷം രൂപയുടെ പുസ്തകങ്ങൾ 05.05.2023 ലെ GOP No. 2/2023/SPD ഉത്തരവ് പ്രകാരം വാങ്ങുന്നതിന് തീരുമാനിച്ചു.
2. ഡിജിറ്റൽ ലൈബ്രറി Strengthen ചെയ്യുന്നതിനും Institutionoal Repository establish ചെയ്യുന്നതിനുമുള്ള പ്രോജക്ട് പ്രൊപ്പോസൽ അംഗീകരിക്കാനും പ്ലാൻ ഫണ്ട് ലഭ്യത അനുസരിച്ച് നടപ്പിൽ വരുത്താനും തീരുമാനിച്ചു.
3. യൂണിവേഴ്സിറ്റി ലൈബ്രറി ഡെപ്യൂട്ടി ലൈബ്രേറിയൻ തസ്തികയിൽ എത്രയും പെട്ടെന്ന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തുന്നതിന് തീരുമാനിച്ചു.
4. വെക്കേഷൻ (ഓണം & ക്രിസ്മസ്) സമയത്തെ പ്രവൃത്തി സമയം തൽസ്ഥിതി (10.00 am -5.00 pm) തുടരുന്നതിന് തീരുമാനിച്ചു.
5. Librarian Enrichment Offline workshop നടത്തുന്നതിനുള്ള പ്രൊപ്പോസൽ അംഗീകരിക്കാൻ തീരുമാനിച്ചു.

**Item No. 17**

a. സർവകലാശാല വെബ്സൈറ്റ് നവീകരിക്കൽ

b. സർവകലാശാലയുടെ നവമാധ്യമ മേഖലകളിലെ ഇടപെടൽ ശക്തിപ്പെടുത്തൽ

c. സർവകലാശാലകളുടെ നവമാധ്യമ മേഖലകളിലെ ഇടപെടലിൽ വിദ്യാർത്ഥികളുടെ പങ്ക് ഉറപ്പുവരുത്തൽ (No. 03493/ITI/SSUS/2024 )

22.10.2025 ലെ ഐറ്റി & സോഷ്യൽ മീഡിയ ശിപാർശ പരിഗണിച്ച്, താഴെ പറയുന്നവ തീരുമാനിച്ചു.

a) സർവകലാശാലയുടെ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി 6 അധ്യാപക പ്രതിനിധികൾ, 6 അനധ്യാപക പ്രതിനിധികൾ (PRO ഉൾപ്പെടെ), 6 വിദ്യാർത്ഥികൾ എന്നിവർ ഉൾപ്പെടെ 18 അംഗ അഡ്വൈസറി കമ്മിറ്റി രൂപീകരിക്കുവാൻ വൈസ് ചാൻസലറെ ചുമതലപ്പെടുത്തി.

b) സർവകലാശാലയുടെ നിലവിലെ വെബ്സൈറ്റ് കമ്മിറ്റി പരിശോധിച്ച് നിലവിലെ വെബ്സൈറ്റ് ഡിസൈൻ ചെയ്യുന്നതിന് ഉപയോഗിച്ചിട്ടുള്ള സോഫ്റ്റ്‌വെയറിന്റെ വേർഷൻ പഴയതായതിനാലും Version Updation സാങ്കേതികമായി ബുദ്ധിമുട്ടുള്ളതായതിനാലും ഒരു പുതിയ വെബ്സൈറ്റ് ഡിസൈൻ ചെയ്യുന്നതാണ് അഭികാമ്യമെന്നും അത് രണ്ട് മാസത്തിനുള്ളിൽ പൂർത്തിയാക്കാൻ സാധിക്കുന്നതാണെന്നും സീനിയർ പ്രോഗ്രാമർ റിപ്പോർട്ട് ചെയ്തത് പരിഗണിച്ച്, സർവകലാശാലയ്ക്ക് ഒരു പുതിയ വെബ്സൈറ്റ് ഡിസൈൻ ചെയ്യുവാനും, അത് രണ്ടു മാസത്തിനുള്ളിൽ നിർവ്വഹിക്കുവാനും, സർവകലാശാല ഐ ടി വിഭാഗത്തെ ചുമതലപ്പെടുത്തുവാനും തീരുമാനിച്ചു.

c) നിലവിലെ വെബ്സൈറ്റിൽ കൂടുതൽ കണ്ടന്റുകൾ ഉൾപ്പെടുത്തുന്നതിനെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി വകുപ്പ് മേധാവികളുടെ യോഗം വിളിച്ച് ചേർക്കുവാൻ തീരുമാനിച്ചു.

**Item No. 18**

സർവകലാശാല താളിയോല ഗ്രന്ഥശാലയിലെ താളിയോലകൾ ഡിജിറ്റലൈസ് ചെയ്ത് സംരക്ഷിക്കുന്നതിനുവേണ്ടി ആധുനിക Mirrorless Camera യും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതു സംബന്ധിച്ച് (No. എസ്റ്റേറ്റ് /8107/എസ് എസ് യു എസ്/2020)

മാനുസ്ക്രിപ്റ്റോളജി വിഭാഗം വകുപ്പ് മേധാവി, സിൻഡിക്കേറ്റംഗങ്ങളായ ഡോ. കെ ഉണ്ണികൃഷ്ണൻ (കൺവീനർ), ഡോ. വി ലിസ്സി മാത്യു, പ്രൊഫ. (ഡോ.) മാത്യൂസ് ടി. തെള്ളി എന്നിവരെ വിശദമായ പഠനത്തിന് ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

**Item No. 19**

2025 വർഷത്തിൽ ഏപ്രിൽ മാസം നടത്തിയ എം എസ് ഡബ്ല്യു ( 2023 അഡ്മിഷൻ റി അഡ്മിഷൻ) പ്രോഗ്രാം വിജയകരമായി പൂർത്തീകരിച്ച 88 വിദ്യാർത്ഥികളുടെ പരീക്ഷാഫലം അംഗീകരിക്കുന്നതും ഡിഗ്രി അവാർഡ് ചെയ്യുന്നതും-സംബന്ധിച്ച് (No. 04139/ EXAMD2/ SSUS/ 2025 (1))

2025 വർഷത്തിൽ ഏപ്രിൽ മാസം നടത്തിയ എം എസ് ഡബ്ല്യൂ ( 2023 അഡ്മിഷൻ റി അഡ്മിഷൻ) പ്രോഗ്രാം വിജയകരമായി പൂർത്തീകരിച്ച 88 വിദ്യാർത്ഥികളുടെ പരീക്ഷാഫലം അംഗീകരിക്കുന്നതും ഡിഗ്രി അവാർഡ് ചെയ്യുന്നതും അംഗീകരിക്കാൻ തീരുമാനിച്ചു.

**Item No. 20**

സർവകലാശാല ഓഡിറ്റോറിയ നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള CAG റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കുന്നത് സംബന്ധിച്ച് (No. എൻജി/851/എസ് എസ് യു എസ്/2015)

അടിയന്തിരമായി നിർമ്മിതി കേന്ദ്രവുമായി ചേർന്ന് ചർച്ച നടത്തി തുടർ നടപടികൾ കൈക്കൊള്ളാൻ തീരുമാനിച്ചു. വർക്ക്സ് & പർച്ചേസ്, പ്ലാനിംഗ് & ഡവലപ്മെന്റ് ഉപസമിതികൾ, സ്റ്റാറ്റ്യൂട്ടറി ഓഫീസർമാർ, എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാർ, നിർമ്മിതി കേന്ദ്ര ഉദ്യോഗസ്ഥർ എന്നിവർ യോഗം ചേർന്ന് നിർമ്മാണം പുനരാരംഭിക്കാൻ തീരുമാനിച്ചു.

**Item No. 21**

ഇൻസ്റ്റിറ്റ്യൂഷണൽ ഡെവലപ്മെന്റ് പ്ലാൻ (IDP) തയ്യാറാക്കുന്നതിനായി സമിതി രൂപീകരിക്കുന്നതിനുള്ള പ്ലാനിംഗ് സ്ഥിരം സമിതി ശിപാർശ സംബന്ധിച്ച് (No. 00752/ IQAC1/ SSUS/2022 (1))

ഇൻസ്റ്റിറ്റ്യൂഷണൽ ഡെവലപ്മെന്റ് പ്ലാൻ (IDP) തയ്യാറാക്കുന്നതിനായി താഴെ പറയുന്ന അക്കാദമിക് വിദഗ്ദരടങ്ങുന്ന Consultative committee രൂപീകരിക്കാനും, ഭാവി പ്രവർത്തനങ്ങളെക്കുറിച്ച് വിശദമായ പഠനം നടത്താനും തീരുമാനിച്ചു.

1. Dr. Sabu Thomas, Former Vice Chancellor, MG University
2. Dr. C P Rajendran, Environmentalist
3. Dr. P P Raveendran, Prof. (Retd.), M G University
4. Dr. Rajan Vargheese, Membe Secretary, KSHEC

**Item No. 22**

സർവകലാശാലയിൽ Green Audit, Energy Audit എന്നിവ നടത്തുന്നത് -പ്ലാനിംഗ് & ഡവലപ്മെന്റ് സ്ഥിരം സമിതിയുടെ ശിപാർശ അംഗീകാരത്തിനായി സമർപ്പിക്കുന്നത് സംബന്ധിച്ച് (No. 04133/ IQAC1/SSUS/2025 (1))

സർവകലാശാല മുഖ്യ ക്യാമ്പസ് കാർബൺ ന്യൂട്രൽ ആക്കുന്നതിനായി സംസ്ഥാന ഹരിത കേരള മിഷനുമായി ചേർന്ന് പ്രവർത്തിക്കുവാനും, ഗ്രീൻ ഓഡിറ്റ്, എനർജി ഓഡിറ്റ് എന്നിവ ഹരിത കേരള മിഷനെക്കൊണ്ട് നിർവ്വഹിപ്പിക്കുന്നതിന്റെ സാധ്യ പരിശോധിക്കുവാനുമുള്ള 07.08.2025 ൽ കൂടിയ പ്ലാനിംഗ് &ഡവലപ്മെന്റ് സ്ഥിരം സമിതിയുടെ ശിപാർശ അംഗീകരിക്കാൻ തീരുമാനിച്ചു.

**Item No. 23**

SCOL ഓൺലൈൻ കോഴ്സുകൾക്കായി Interns – നെ നിയമിക്കുന്നത് റെഗുലേഷൻ അംഗീകരിക്കുന്നത് സംബന്ധിച്ച് (No. 03969/SOSCOL/SSUS/2024 (1))

SCOL പ്രവർത്തനങ്ങൾ പഠിക്കുന്നതിനായി Interns-നെ നിയമിക്കുന്നതിന് തയ്യാറാക്കിയ ഭേദഗതികൾ ഉൾപ്പെടുത്തിയ SCOL Internship Rules & Regulations ന്റെ കരട് അംഗീകരിക്കാൻ തീരുമാനിച്ചു.

**Item No. 24**

2025 വർഷത്തിൽ ഏപ്രിൽ മാസം നടത്തിയ Multidisciplinary Dual Main Masters in Disaster Management (2023 അഡ്മിഷൻ) പ്രോഗ്രാം വിജയകരമായി പൂർത്തീകരിച്ച 16 വിദ്യാർത്ഥികളുടെ പരീക്ഷാഫലം അംഗീകരിക്കുന്നതും ഡിഗ്രി അവാർഡ് ചെയ്യുന്നതും സംബന്ധിച്ച് (No. 04175/ EXAMD1/SSUS/2025 (1))

2025 വർഷത്തിൽ ഏപ്രിൽ മാസം നടത്തിയ Multidisciplinary Dual Main Masters in Disaster Management (2023 അഡ്മിഷൻ) പ്രോഗ്രാം വിജയകരമായി പൂർത്തീകരിച്ച 16 വിദ്യാർത്ഥികളുടെ പരീക്ഷാഫലം അംഗീകരിക്കുന്നതും, ഡിഗ്രി അവാർഡ് ചെയ്യുന്നതും അംഗീകരിക്കാൻ തീരുമാനിച്ചു.

## Out of Agenda

**Item No:1**

കാലടി മുഖ്യകേന്ദ്രത്തിൽ KCA സ്ഥാപിക്കുന്ന ക്രിക്കറ്റ് സ്റ്റേഡിയവുമായി ബന്ധപ്പെട്ട MoU അംഗീകരിക്കുന്നത് സംബന്ധിച്ച് (No. 03570/EST2/SSUS/2025 (1))

സ്പോർട്സ് ഹോസ്റ്റൽ ഉൾപ്പെടെയുള്ള വിശദമായ പ്രൊപ്പോസലുകൾ ഉൾപ്പെടുത്തിയ പുതുക്കിയ MoU Format കെ.സി.എ യിൽ നിന്ന് ആവശ്യപ്പെടാൻ തീരുമാനിച്ചു. ഡോ. ശ്രീകലദേവി എസ്, ഡോ. സിന്ധു അന്തർജനം എന്നിവർ വിയോജിപ്പ് അറിയിച്ചു.

**Item No:2**

സർവകലാശാല യൂട്ടിലിറ്റി സെന്ററിലെ ഓഡിറ്റോറിയത്തിലെ തകരാറിലായ പഴയ പബ്ലിക് അഡ്രസ് സിസ്റ്റം മാറ്റി പുതിയത് വാങ്ങി സ്ഥാപിക്കുന്നത് സംബന്ധിച്ച് (No. 01294/EST2/SSUS/2025 (1))

സർവകലാശാല യൂട്ടിലിറ്റി സെന്ററിലെ ഓഡിറ്റോറിയത്തിലെ തകരാറിലായ പഴയ പബ്ലിക് അഡ്രസ് സിസ്റ്റം മാറ്റി പുതിയത് വാങ്ങി സ്ഥാപിക്കുന്നതിന് സമർപ്പിച്ച 5,05,276/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് തുടർ നടപടികൾ കൈക്കൊള്ളാൻ തീരുമാനിച്ചു.

**Item No:3**

SSUS സെന്റർ ഫോർ ഓൺലൈൻ ലേർണിംഗ് മുഖേന നടത്തുന്ന കോഴ്സുകളുടെ Script Review –ഉം Video Review - യും ചെയ്യുന്നതിന് നിരൂപകർക്കു നൽകേണ്ട തുക വർധിപ്പിക്കുന്നത് സംബന്ധിച്ച് (No. 04121/SOSCOL/SSUS/2024 (1))

SSUS സെന്റർ ഫോർ ഓൺലൈൻ ലേർണിംഗ് മുഖേന നടത്തുന്ന 40 മോഡ്യൂളുള്ള ഒരു ഓൺലൈൻ കോഴ്സിന്റെ Script Review –ഉം Video Review - യും ചെയ്യുന്നതിന് നിരൂപകർക്കു നൽകേണ്ട തുക 4000/- രൂപയിൽ നിന്നും 250/- per module എന്ന നിരക്കിൽ 10,000/- രൂപയായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചു.

**Item No:4**

SCOL മുഖേന നടത്തുന്ന കോഴ്സുകൾ Rerun ചെയ്യുമ്പോൾ അദ്ധ്യാപകർക്ക് നൽകുന്ന പ്രതിഫലം സംബന്ധിച്ച്. (No. 03549/SCOL1/SSUS/2024 (1))

SCOL മുഖേന നടത്തുന്ന കോഴ്സുകൾ റീറൺ ചെയ്യുമ്പോൾ അധ്യാപകർക്ക് പ്രതിഫലം നൽകേണ്ടതില്ല എന്ന് തീരുമാനിച്ചു.

**Item No:5**

2024-25 ക്യാമ്പസ് യൂണിയൻ മാഗസിൻ പ്രവർത്തനങ്ങൾക്കായി-ബജറ്റ് വിഹിതത്തിൽ തുക റീ അപ്രോപ്രിയേറ്റ് ചെയ്യുന്നത് സംബന്ധിച്ച് (No. 03063/SSC2/SSUS/2025 (1))

സാധൂകരിച്ചു.

**Item No:6**

ശ്രീ കെ ഐ കുഞ്ഞുമുഹമ്മദ് നോർത്ത് പറവൂർ അഡിഷണൽ ജില്ലാ കോടതി മുൻപാകെ ഫയൽ ചെയ്ത 2021 ലെ 43 നമ്പർ അപ്പീൽ സ്യൂട്ടിലെ 10.06.2025 തീയതിയിലെ വിധിക്കെതിരെ അപ്പീൽ

ഫയൽ ചെയ്യുന്നതിനുള്ള കോർട്ട് ഫീയും അഡ്വക്കേറ്റ് ഫീയും അംഗീകരിക്കുന്നതിനും അഡ്വക്കേറ്റ് ഫീയുടെയും കോർട്ട് ഫീയുടെയും മൂന്നിലൊന്ന് അടിയന്തിരമായി അനുവദിച്ച ബഹു വൈസ് ചാൻസലറുടെ നടപടി റിപ്പോർട്ട് ചെയ്യുന്നതും സംബന്ധിച്ച് (No. 03126/LEG1/SSUS/2025 (1))

ശ്രീ കെ ഐ കുഞ്ഞുമുഹമ്മദ് നോർത്ത് പറവൂർ അഡിഷണൽ ജില്ലാ കോടതി മുൻപാകെ ഫയൽ ചെയ്ത 2021 ലെ 43 നമ്പർ അപ്പീൽ സ്യൂട്ടിലെ 10.06.2025 തീയതിയിലെ വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള കോർട്ട് ഫീയും അഡ്വക്കേറ്റ് ഫീയും അംഗീകരിക്കുന്നതിനും, അഡ്വക്കേറ്റ് ഫീയുടെയും കോർട്ട് ഫീയുടെയും മൂന്നിലൊന്ന് അടിയന്തിരമായി അനുവദിച്ച ബഹു വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാനും തീരുമാനിച്ചു.

**Item No:7**

21.05.2025 തീയതിയിലെ 226-ാമത് സിൻഡിക്കേറ്റ് യോഗം അഡീഷണൽ അജണ്ട ഐറ്റം നം.27 തീരുമാനം പുന: പരിശോധിക്കുന്നത് സംബന്ധിച്ച് (02103/LEG1/SSUS/2025 (1))

21.05.2025 ലെ 226-ാമത് സിൻഡിക്കേറ്റ് യോഗം എന്നതിന് പകരം 21.03.2025 ലെ 226-ാമത് സിൻഡിക്കേറ്റ് യോഗം എന്ന് തെറ്റായി രേഖപ്പെടുത്തിയത് തിരുത്താൻ അനുമതി നൽകാനും CAS പ്രൊമോഷന് വേണ്ടി എലിജിബിലിറ്റി തീയതി തന്നെ പരിഗണിക്കാൻ തീരുമാനിക്കുകയും ചെയ്തു.

**Item No:8**

ശങ്കര ഫോട്ടോസ്റ്റാറ്റ് എന്ന സ്ഥാപനത്തിന്റെ നടത്തിപ്പ് -കരാർ പുതുക്കുന്നത് സംബന്ധിച്ച്(04269/EST2/SSUS/2024 (1))

ശങ്കര ഫോട്ടോസ്റ്റാറ്റ് എന്ന സ്ഥാപനത്തിന്റെ നടത്തിപ്പ് കരാർ ഒരു വർഷത്തേക്ക് പുതുക്കി നൽകാൻ തീരുമാനിച്ചു.

**Item No:9**

സർവ്വകലാശാലയുടെ നവമാധ്യമ മേഖലകളിലെ ഇടപെടൽ ശക്തിപ്പെടുത്തുന്നതും സർവ്വകലാശാലയ്ക്ക് പുതിയ വെബ്സൈറ്റ് തയ്യാറാക്കുന്നതും സംബന്ധിച്ച് (03493/IT1/SSUS/2024)

അഡീഷണൽ അജൻഡ ഇനം 17 ലെ തീരുമാനം കാണുക.

**Item No:10**

Dr. P. ബാലകൃഷ്ണന്റെ മുൻകൂർ തുക ക്രമീകരിക്കുന്നത് - സംബന്ധിച്ച് (03861/ACDB1/SSUS / 2025 (1))

Dr. P. ബാലകൃഷ്ണന് സോഷ്യൽ വർക്ക് ഡിപ്പാർട്ട്മെന്റിൽ ഏകദിന സെമിനാർ നടത്തുന്നതിന് അനുവദിച്ച 2000/- രൂപയുടെ മുൻകൂർ തുക  ടിയാൻ മരണപ്പെട്ട സാഹചര്യത്തിൽ എഴുതി തള്ളാൻ തീരുമാനിച്ചു.

**Item No:11**

സംസ്കൃതം ജനറൽ വിഭാഗത്തിലെ ഗസ്റ്റ് ലക്ചറർ ഇന്റർവ്യൂമായി ബന്ധപ്പെട്ട്

സംസ്കൃതം ജനറൽ വിഭാഗത്തിലെ ഗസ്റ്റ് ലക്ചറർ ഇന്റർവ്യൂവുമായി ബന്ധപ്പെട്ട പരാതികൾ പരിശോധിക്കുന്നതിന് രൂപീകരിച്ച സിൻഡിക്കേറ്റ് ഉപസമിതിയുടെ അന്വേഷണ റിപ്പോർട്ട് സിൻഡിക്കേറ്റ് അംഗീകരിക്കുകയും, അതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കാൻ തീരുമാനിക്കുകയും ചെയ്തു.  സംസ്കൃതം ജനറൽ വിഭാഗത്തിലെ വകുപ്പ്മേധാവിയിൽ നിന്നും അച്ചടക്ക നടപടികൾ സ്വീകരിക്കാതിരിക്കാനുള്ള കാരണം 7 ദിവസത്തിനകം ബോധിപ്പിക്കാൻ ആവശ്യപ്പെടാനും, ഡിസിപ്ലിനറി നടപടികൾ സ്വീകരിക്കാനും തീരുമാനിച്ചു.  കൂടാതെ  റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ട വിദ്യാർത്ഥികളിൽനിന്നും അച്ചടക്ക നടപടി സ്വീകരിക്കാതിരിക്കാനുള്ള വിശദീകരണം ആവശ്യപ്പെടാനും തീരുമാനിച്ചു.  സംസ്കൃതം ജനറൽ ഡിപ്പാർട്ടുമെന്റിലെ  അധ്യാപക ക്ഷാമം പരിഹരിക്കുന്നതിന് ഇന്റർവ്യൂ അടിയന്തിരമായി രജിസ്ട്രാറുടെ മേൽനോട്ടത്തിൽ നടത്താനും തീരുമാനിച്ചു.

| | |
|---|---|
| **ഒപ്പ്** | **ഒപ്പ്** |
| **രജിസ്ട്രാർ** | **വൈസ് ചാൻസലർ** |